**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 515 30.06.2016 -ന് മറുപടിയ്ക്ക്

## മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചതിലെ ക്രമക്കേട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ<br>ശ്രീ. വി.കെ.സി. മമ്മത് കോയ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും മൈക്രോ ക്രെഡിറ്റ് വായ്പ, സമുദായ സംഘടനകൾക്ക നൽകിയിട്ടുണ്ടോ; | എ) | സമുദായ സംഘടനകൾക്ക് നൽകുന്നില്ല. സന്നദ്ധ സംഘടനകൾക്കും കുടുംബശ്രീ CDS കൾക്കും വായ്പ നൽകുന്നുണ്ട്. |
| ബി) | വായ്പ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നെന്നും വായ്പ വാങ്ങിയ ഏതെങ്കിലും സംഘടന നിബന്ധന ലംഘിച്ചിരുന്നോയെന്നും അറിയിക്കാമോ; | ബി) | വായ്പ നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ താഴെപ്പറയുന്നവയാണ്.<br>(1) വായ്പ സംഘടനകളുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.<br>(2) അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടുവാൻ പാടുള്ളതല്ല.<br>(3) NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.<br>(4) ഗ്രാമങ്ങളിൽ 81,000/-രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.<br>(5) വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന് / നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | (6) ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000/- രൂപയാണ്.<br>(7) കോർപ്പറേഷൻ നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3% ആണ്. ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ആണ്.<br>(8) തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി, തുക തിരിച്ച്പിടിക്കുന്നതാണ്.<br>(9) തിരിച്ചടവ് കാലാവധി 36 മാസം.<br><br>ശ്രീനാരായണ ധർമ്മ പരിപാലന യോഗം (SNDP) എന്ന സംഘടന നിബന്ധന ലംഘിച്ചിരുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഇതേക്കുറിച്ച് നടത്തിയ അന്വേഷണവും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | സി) | ക്രമക്കേട് നടന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് കോർപ്പറേഷൻ തലത്തിൽ അന്വേഷണവും പരിശോധനയും നടത്തുകയും, SNDP യോഗം സമർപ്പിച്ച വായ്പാ വിനിയോഗ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നും കണ്ടെത്തി. വായ്പാ തുക ദുർവിനിയോഗം ചെയ്തത് ബോധ്യപ്പെട്ട സാഹചര്യത്തിൽ 3% പലിശയും, 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയിൽ ക്രമക്കേട് നടന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്താൻ നടപടിയെടുക്കുമോ? | ഡി) | ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ